# സർക്കാരുകളിൽനിന്നും എൻ.എസ്.എസ്. അനധികൃതമായി ഒന്നും നേടിയിട്ടില്ല

എൻ.എസ്.എസ്. അവസരവാദത്തിലൂടെ സംസ്ഥാനസർക്കാരിൽ നിന്നും പലതും നേടിയെടുത്തശേഷം ചുവടുമാറ്റി ചവിട്ടുന്നു എന്നുംമറ്റും ചില സ്ഥാപിതതാൽപര്യക്കാരും രാഷ്ട്രീയനേതാക്കളും പ്രചരിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. എൻ.എസ്.എസ്. ഗവണ്മെന്റിൽ നിന്ന് എന്തു നേട്ടമാണ് അനധികൃതമായി ഉണ്ടാക്കിയിട്ടുള്ളത് എന്ന് ഇവർ വ്യക്തമാക്കുന്നുമില്ല. ജനങ്ങളുടെ ഇടയിൽ തെറ്റിദ്ധാരണ ഉണ്ടാക്കുന്നതിനുവേണ്ടി നടത്തുന്ന ഒരു ശ്രമത്തിന്റെ ഭാഗമായിട്ടുമാത്രമേ ഇതിനെ കാണേണ്ടതുള്ളു.

ആദ്യകാലങ്ങളിൽ എയിഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങുന്നതിലേക്ക്, ആ ദൗത്യം ഏറ്റെടുത്ത മത-സമുദായസംഘടനകൾക്ക് പതിറ്റാണ്ടുകൾക്കുമുമ്പ് സർക്കാർ കുത്തകപ്പാട്ടത്തിന് നല്കിയ വസ്തുക്കൾ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ തുടർന്നുള്ള നടത്തിപ്പിനു മാത്രമായി സർക്കാർതീരുമാനപ്രകാരം അന്നുള്ള നടപ്പുവിലയ്ക്ക് പതിച്ചുകൊടുക്കുവാൻ തീരുമാനം ഉണ്ടായപ്പോൾ മറ്റുള്ളവരോടൊപ്പം എൻ.എസ്.എസ്സിനുള്ളത് പതിച്ചുവാങ്ങിയതാണോ തെറ്റ്? ഇത് ഇടതുഭരണകാലത്തും വലതുഭരണകാലത്തും നടന്നിട്ടുമുണ്ട്.

സംസ്ഥാനത്തെ എയിഡഡ് കോളേജുകളിൽനിന്നും പ്രീഡിഗ്രി വേർപെടുത്തി, പകരം ഹയർ സെക്കണ്ടറി നിലവിൽ വന്നപ്പോൾ ഓരോ മാനേജ്മെന്റിനും നഷ്ടപ്പെട്ട സീറ്റുകൾക്കു തുല്യമായ സീറ്റുകളോടുകൂടിയുള്ള ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചുതരുമെന്നുള്ള വ്യവസ്ഥ ഉണ്ടായിരുന്നു. ഇടതിന്റെ കാലത്തും വലതിന്റെ കാലത്തും കണക്കുപറഞ്ഞ് അതിനനുസരിച്ചുള്ള സ്കൂളുകൾ വാങ്ങാൻ ശ്രമിച്ചതാണോ തെറ്റ്? അർഹതയിൽ കവിഞ്ഞൊന്നും പിടിച്ചുപറ്റാൻ അന്നും എൻ.എസ്.എസ്. ശ്രമിച്ചില്ല.

അരനൂറ്റാണ്ടുകാലമായി സമൂഹത്തിൽ നിലനിന്നിരുന്ന സാമൂഹ്യഅനീതിക്കെതിരെ, മാറി മാറി വന്ന സർക്കാരുകളോട്, പ്രത്യേകിച്ചും മുന്നാക്കവിഭാഗങ്ങളിലെ പാവപ്പെട്ടവരുൾപ്പെടെയുള്ളവർക്കുവേണ്ടി സംവരണമടക്കമുള്ള ആവശ്യങ്ങളുയർത്തിയ സംഘടനയാണ് എൻ.എസ്.എസ്. നിരവധി പ്രതിഷേധങ്ങൾക്കും പ്രകടനങ്ങൾക്കും ഒടുവിൽ, തികച്ചും ന്യായമായ ആവശ്യങ്ങളാണ് എൻ.എസ്.എസ്. മുന്നോട്ടുവച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ട്, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് സംവരണംഒഴികെ ബാക്കിയുള്ളവ നടപ്പിലാക്കിയത്. നായർസമുദായത്തെ മാത്രം ബാധിക്കുന്ന വിഷയങ്ങളായിരുന്നില്ല, സാമൂഹികമായി അവഗണിക്കപ്പെട്ട എല്ലാ വിഭാഗങ്ങൾക്കും വേണ്ടിയായിരുന്നു അവയെല്ലാം. ഇപ്പോഴത്തെ ഇടതുപക്ഷ സർക്കാർ ചെയ്തുവരുന്നത് അതിന്റെ തുടർച്ചയാണ്. അതിനുള്ള കാരണം, എൻ.എസ്.എസ്സിന്റെ സമദൂരനിലപാട് മാത്രമാണ്.

എങ്കിലും കഴിഞ്ഞ ഗവണ്മെന്റ് പറക്കുളത്ത് അനുവദിച്ചുതന്ന എയിഡഡ് കോളേജിന് ഇപ്പോഴത്തെ ഗവണ്മെന്റിൽനിന്നും പ്രവർത്തനാനുമതി വാങ്ങാൻ ഹൈക്കോടതിയിൽ പോകേണ്ടിവന്നു എന്ന കാര്യം വിസ്മരിച്ചുകൂടാ.

എൻ.എസ്.എസ്. അനധികൃതമായി ഒരു സർക്കാരിനോടും ഒന്നും ആവശ്യപ്പെടുകയോ വാങ്ങുകയോ ചെയ്തിട്ടില്ല എന്നിരിക്കെ, മേല്പറഞ്ഞതൊക്കെയാണ് എൻ.എസ്.എസ്. അനധികൃതമായി സർക്കാരുകളിൽനിന്നും നേടിയതായി പലരും പറഞ്ഞുപ്രചരിപ്പിക്കാൻ ശ്രമിക്കുന്നത്.

സാമൂഹ്യപരിഷ്കർത്താവുകൂടിയായ സമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭന്റെ ജന്മദിനമായ ജനുവരി 2, വളരെ വൈകിയാണെങ്കിലും, കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് പൊതുഅവധിയായി പ്രഖ്യാപിക്കുകയുണ്ടായി. അത് നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ട് പ്രകാരമുള്ള അവധികൂടിയാക്കിത്തരണമെന്ന ഒരു ആവശ്യം മാത്രമേ ഇപ്പോഴത്തെ ഇടതുപക്ഷസർക്കാർ മുമ്പാകെ എൻ.എസ്.എസ്. ഉന്നയിച്ചിട്ടുള്ളു. എന്നാൽ നായർസമുദായത്തിന്റെ വൈകാരികമായ ഈ വിഷയത്തെ നിസ്സാരമായി കണ്ട് എൻ.എസ്.എസ്സിന്റെ ഈ ആവശ്യം സർക്കാർ നിരസിക്കുകയാണുണ്ടായത്. മന്നത്തുപത്മനാഭനെ നവോത്ഥാനനായകനായി ഇപ്പോൾ സർക്കാർ വിശേഷിപ്പിക്കുന്നതിന്റെ ഉള്ളിലെ പൊള്ളത്തരം ഇതിൽനിന്നും മനസ്സിലാക്കാവുന്നതേയുള്ളു.